# ധൂർത്തപുത്രന്റെ ഉപമ (ലൂക്ക 15: 11–32)

**ദൈവത്തിന്റെ സ്നേഹവലയത്തിൽ വിലയം പ്രാപിക്കാം**
**July 18, 2010**

**Homily by Fr. Sony Manjaly.**
**Fr. Manjaly can be reached at** sonymanjaly@gmail.com

ധൂർത്തപുത്രന്റെ ഉപമയിൽ അകൽച്ചയും അടുക്കലും ഒരു വിഷയം തന്നെയാണ്. തന്റെ ഓഹരിയും വാങ്ങിച്ച് പിതാവിൽ നിന്നും അകന്നുപോകുന്ന ധൂർത്തപുത്രൻ. പിതാവിനോടടുത്തായിരുന്നിട്ടും പിതാവിനെ മനസ്സിലാക്കാതെ പോകുന്ന മൂത്തപുത്രൻ. അകലത്തായിരുന്നാലും, അരികിലായിരുന്നാലും വേണ്ടത് തിരിച്ചറിവാണ്. ഞാനും പിതാവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള തിരിച്ചറിവ്. സ്വത്തിൽ തന്റെ ഭാഗവും വാങ്ങി ദൂരദ്ദേശത്തേക്ക് പോയി സ്വാർത്ഥതക്കും, നൈമിഷിക സുഖങ്ങൾക്കും അടിമപ്പെടുന്ന ധൂർത്തപുത്രൻ. എല്ലാം ധൂർത്തടിച്ച് ഗതിമുട്ടിയപ്പോൾ അവൻ തിരിച്ചറിഞ്ഞു, തനിക്ക് പിതാവിന്റെ ഭവനത്തിൽ ഉണ്ടായിരുന്ന സ്ഥാനവും ബന്ധങ്ങളും. പിതാവിന്റെ പക്കലേയ്ക്ക് തിരിച്ചുവരാൻ തീരുമാനമെടുക്കുക മാത്രമല്ല അവൻ ചെയ്തത്. തിരിച്ചുവന്ന് മാപ്പപേക്ഷിച്ച് പിതാവിന്റെ സന്തോഷത്തിൽ പങ്കുചേർന്നു.

പിതാവിന്റെ ചാരത്ത് നിന്ന് ഓടിപ്പോകുന്നതാണ് പാപം. തന്നെ സ്നേഹിക്കുന്ന പിതാവിനെക്കുറിച്ചുള്ള തിരിച്ചറിവിൽ പിതാവിന്റെ അരികിലേക്ക് വരുന്നതാണ് അനുരജ്ഞനം. അകലങ്ങളിലേക്ക് പോയ ഇളയമകൻ അനുതപിച്ച് തിരിച്ചുവന്നു. അരികത്തായിരുന്ന മൂത്തപുത്രൻ പിതാവ് ഒരുക്കിയ സദ്യയിൽ പങ്കെടുക്കുവാൻ വിസ്സമ്മതിക്കുന്നു. പിതാവിന് തന്നോടുള്ള സ്നേഹത്തെക്കുറിച്ചുള്ള തിരിച്ചറിവിലേയ്ക്ക് മൂത്തപുത്രൻ എത്തുന്നതായി ഉപമയിൽ നാം വായിക്കുന്നില്ല. അരികിലാണ്, അടുത്താണ് എന്നൊക്കെ മേന്മഭാവിക്കുന്നവർ പുലർത്തേണ്ട അതീവജാഗ്രതയെക്കുറിച്ചും, ആത്മശോധനയെക്കുറിച്ചുമല്ലേ ഇത് നമ്മെ ഓർമ്മപ്പെടുത്തുന്നത്!

യഹൂദരുടെ മതഗ്രന്ഥമായ **താൽമുദി**ൽ ഒരു കഥയുണ്ട്. ഒരു രാജാവിന് ഒരു പുത്രനുണ്ടായിരുന്നു. ആ പുത്രൻ കൊട്ടാരത്തിൽ നിന്ന് ഒരു ദിവസം ദൂരദ്ദേശത്തേയ്ക്ക് ഒളിച്ചോടിപ്പോയി. രാജകുമാരന്റെ സുഹൃത്ത് അവനെ ഒരിടത്തുവച്ച് കാണാനിടയായി. സുഹൃത്ത് രാജകുമാരനോട് പറഞ്ഞു. നീ നിന്റെ പിതൃഭവനത്തിലേയ്ക്ക് മടങ്ങിപ്പോകൂ'. അപ്പോൾ രാജകുമാരൻ പറഞ്ഞു. 'ഇനി അത് സാധിക്കുമെന്ന് തോന്നുന്നില്ല. കാരണം ഞാൻ അത്രയധികം ദൂരെയായിപ്പോയി'. ഉടനെ

സുഹൃത്ത് പറഞ്ഞു. 'നീ നിനക്ക് സാധിക്കുന്നിടത്തോളം ദൂരം പിന്നോട്ട് പോവുക. നിന്റെ പിതാവ് നിന്നെ അന്വേഷിച്ച് എത്രയോ നേരത്തെ പുറപ്പെട്ട് കഴിഞ്ഞു'.

തന്റെ അരികിൽ നിന്ന് മാറി അകലങ്ങളിലായവരെ അന്വേഷിച്ചിറങ്ങിയിരിക്കുകയാണ് ദൈവം. ദൈവത്തിന് എത്തിപ്പിടിക്കാനാവാത്തവിധം ദൂരത്തൊന്നുമല്ല നാം ഓരോരുത്തരും. എന്നാൽ നാം പിന്നിട്ട തിന്മയുടെ പാതകളിൽ നിന്ന് മാറി നടക്കാനും, അനുതപിക്കാനും മനസ്സുണ്ടാവുകയാണ് പ്രധാനം. വഴിവിട്ട് ചരിച്ചവൻ വഴിയിലേയ്ക്ക് തിരിച്ചുവരുമ്പോൾ യാതൊരു പിറുപിറുപ്പും കൂടാതെ ഇരുകൈകളും നീട്ടി അവിടുന്ന് നമ്മെ സ്വീകരിക്കുന്നു. പശ്ചാത്താപത്തിന്റെ ഒരു ചെറുലാഞ്ചന ഹൃദയത്തിലുണ്ടായാൽ ആ നിമിഷം തന്നെ ദൈവം നമ്മെ സ്വന്തമാക്കുന്നു. സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്ന സക്കേവൂസും യേശുവിനെ തളളിപ്പറഞ്ഞ പത്രോസ്ശ്ലീഹായും, കാൽവരിയിലെ നല്ല കള്ളനുമൊക്കെ ദൈവസന്നിധിയിൽ ഉയർത്തപ്പെട്ടത് അനുതപിക്കാനുള്ള മനസ്സ് കാണിച്ചതുകൊണ്ടാണ്. പാപികളായ നാം ഓരോരുത്തരുടെയും തിരിച്ചുവരവും കാത്ത് പാതിവഴിയിൽ വഴിക്കണ്ണുമായി  കാത്തുനില്ക്കുന്നു അവിടുന്ന്. "അവിടുന്നിൽ  വിലയം പ്രാപിക്കുന്നതുവരെ എന്റെ ഹൃദയം അസ്വസ്ഥമാകുന്നു"വെന്ന് പറഞ്ഞ വി. അഗസ്റ്റീനോസിന്റെ വാക്കുകൾ നമ്മിൽ കനലായി ജ്വലിക്കട്ടെ.

ധൂർത്തപുത്രനും മൂത്തപുത്രനും തങ്ങളുടെ ജീവിതത്തിൽ തന്നിഷ്ടം പൊന്നിഷ്ടമായും, മറ്റുള്ളവരുടെ ഇഷ്ടം വിമ്മിഷ്ടമായും കരുതുകയായിരുന്നു. സ്വാർത്ഥതയാണ് അവരെ നയിച്ചത്. പട്ടം പറപ്പിക്കുമ്പോൾ തന്റെ നൂലുമായുള്ള ബന്ധം വിടർത്തി പരുന്തിനെപ്പോലെയും, മറ്റ് പക്ഷികളെയും പോലെ സ്വതന്ത്രമായി ശൂന്യാകാശത്തേയ്ക്ക് പറക്കാൻ ശ്രമിക്കുന്ന പട്ടത്തിന്റെ ഗതിയാണ് ധൂർത്തപുത്രനിൽ നമുക്ക് കാണാൻ കഴിയുക. കൂടുതൽ ഉയരത്തിൽ പറക്കാൻ ശ്രമിക്കുന്ന പട്ടം പക്ഷേ പെട്ടന്നുണ്ടായ പേമാരിയിലും കൊടുംകാറ്റിലുംപ്പെട്ട് ദേഹമെല്ലാം കീറിപ്പറഞ്ഞ് താഴെയുള്ള മലനിരയിൽ നിപതിച്ചു. ഇതുകണ്ട യജമാനൻ ഓടിച്ചെന്ന് തന്റെ കൈകളിൽ പട്ടമെടുത്ത് കീറിപ്പോയതെല്ലാം ഒട്ടിച്ചേർത്ത് വീണ്ടും പറപ്പിക്കാൻ തുടങ്ങുന്നു. ഇതേ അവസ്ഥ നമ്മുടെയൊക്കെ ജീവിതത്തിന്റെ ഭാഗമാണ്. അഹങ്കാരത്തോടെ നാം അകന്നുപ്പോയെങ്കിൽ എളിമയോടെ തിരിച്ചുവരാം. ദൈവത്തിന്റെ കരുണയുടെ പിൻബലമാണ് നമുക്കുള്ളത്.

ഉപഭോഗസംസ്ക്കാരത്തിന്റേയും, താൻപോരിമയുടേയും ഒക്കെ ഈ ലോകത്ത് നമ്മുടെ പ്രാർത്ഥന ഇതായിരിക്കട്ടെ: *Da Quod Jubes* – 'നീ കല്പ്പിക്കുന്നത് ചെയ്യാനുള്ള ശക്തി തരണേ'. ദിവംഗതനായ കർദ്ദിനാൾ പാറേക്കാട്ടിൽ പിതാവ് തന്റെ മുദ്രാവാക്യമായി സ്വീകരിച്ചതും ഈ പ്രാർത്ഥനയാണ്. ഞാൻ ആഗ്രഹിക്കുന്നതല്ല മറിച്ച് അവിടുന്ന് ആഗ്രഹിക്കുന്നതും കല്പിക്കുന്നതും എന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള ശക്തിക്കായി പ്രാർത്ഥിക്കാം. ഈ പ്രാർത്ഥന നമ്മുടെ അധരങ്ങളിൽ ഉരുവിടാം. അവിടുത്തെ സ്നേഹവലയത്തിൽ എപ്പോഴും നമുക്കായിരിക്കാം.